പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 921 **14-10-2026-ൽ മറുപടിയ്ക്ക്**

കുന്നംകുളം കരിച്ചാൽക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. സി. മൊയ്തീൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കുന്നംകുളം മണ്ഡലത്തിലെ കാട്ടകമ്പാൽ ഗ്രാമപഞ്ചായത്തിലെ നൂറടിത്തോട്ടിൽ നിർമ്മിക്കുന്ന കരിച്ചാൽക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് (RCB)ന്റെ നിർമ്മാണ പുരോഗതിയും നിലവിലെ സ്ഥിതയും വിശദമാക്കാമോ;

മറുപടി: കാരിച്ചാൽക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ പാലം നിർമ്മാണം, ഏപ്രൺ നിർമ്മാണം, അപ്രോച്ച് റോഡിന്റെയും ബണ്ട് റോഡുകളുടേയും സംരക്ഷണ ഭിത്തികളുടെ നിർമ്മാണ പ്രവൃത്തികൾ, എർത്ത് ഫില്ലിംഗ് പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

അപ്രോച്ച് റോഡിന്റെ ടാറിംഗ്, ആവശ്യമായ സുരക്ഷാ സംവിധാനങ്ങളുടെ സ്ഥാപിക്കൽ, അപ്രോച്ച് റോഡിൽ നിന്നും ബണ്ട് റോഡിലേക്ക് പ്രവേശിക്കുന്നതിനുള്ള റാമ്പുകളുടെ നിർമ്മാണം എന്നീ പ്രധാന പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്.

റാമ്പുകളുടെ നിർമ്മാണം നടത്തുന്നതിനായി പാടശേഖരത്തിലെ വെള്ളം വറ്റിക്കേണ്ടതുണ്ട്. വെള്ളം വറ്റിക്കുന്നതിനുള്ള De-watering പ്രവൃത്തികൾ നിലവിൽ നടന്നു വരുന്നു. പാടശേഖരത്തിലെ വെള്ളം വറ്റുന്ന മുറക്ക് റാമ്പുകളുടെ നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടത്താവുന്നതാണ്.

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏകദേശം 95% ജോലികളും പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ പ്രധാന പാലത്തിന്റെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിലും അപ്രോച്ച് റോഡ്, പാർശ്വഭിത്തികൾ, ഫൈബർ റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് (FRP) ഷട്ടറുകൾ സ്ഥാപിക്കൽ തുടങ്ങിയവ പൂർത്തിയാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

മറുപടി: റിവൈസ്ഡ് എസ്റ്റിമേറ്റ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചു വരുന്നു. ആയതിന് അംഗീകാരം നല്കി, കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് പദ്ധതി എത്രയും വേഗത്തിൽ പൂർത്തീകരിച്ചു നാടിനു സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) മഴക്കാലവും വെള്ളപ്പൊക്കവും സൃഷ്ടിക്കുന്ന പ്രയാസങ്ങളും അധിക പ്രവൃത്തികളും പരിഗണിച്ച് പുതുക്കിയ എസ്റ്റിമേറ്റിന് അടിയന്തരമായി അനുമതി ലഭ്യമാക്കി പദ്ധതി വേഗത്തിൽ പൂർത്തീകരിച്ച്

നാടിന് സമർപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ